# പതിമൂന്നാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2659** **14/02/2013 ൽ മറുപടിക്ക്**

**സർക്കാർ ആശുപത്രികളിൽ ഗുണനിലവാരമില്ലാത്ത മരുന്നുകൾ**

**ചോദ്യം**
ശ്രീ. ആർ. രാജേഷ്

**മറുപടി**
വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പരിശോധനാ സംവിധാനം കാര്യക്ഷമമല്ലാത്തതിനാൽ നിലവാരമില്ലാത്ത മരുന്നുകൾ വാങ്ങുന്നത് സർക്കാരും മരുന്നുകമ്പനികളും തമ്മിലുള്ള ഒത്തുകളിയാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | കോർപ്പറേഷന്റെ മരുന്നുവിതരണം കാര്യക്ഷമമല്ലാത്തതിനാൽ കോടിക്കണക്കിന് രൂപയുടെ മരുന്നുകൾ നശിപ്പിച്ചുകളയേണ്ടിവന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | 2007-ൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ രൂപീകൃതമാകുന്നതിനു മുമ്പ് സെൻട്രൽ പർച്ചേസ് കമ്മിറ്റി, രോഗികളുടെ എണ്ണവും ഏതൊക്കെ രോഗങ്ങൾക്ക് ചികിത്സ നടത്തേണ്ടി വന്നേക്കാം എന്ന ഏകദേശ പ്രതീക്ഷിത കണക്കിന്റെ കൂടി അടിസ്ഥാനത്തിലാണ് ഓരോ വർഷവും മരുന്നുകളുടെ ഇൻഡന്റ് നൽകി വന്നിരുന്നത്. ഇപ്രകാരം വാങ്ങുന്ന മരുന്നുകൾ വിവിധങ്ങളായ കാരണങ്ങളാൽ എല്ലായ്പ്പോഴും ഉപയോഗിക്കാൻ കഴിഞ്ഞു എന്നു |

| | | | |
|---|---|---|---|
| | | | വരില്ല. കാലാകാലങ്ങളായി ഇപ്രകാരം ഉപയോഗിക്കാൻ കഴിയാതെ പോയ മരുന്നുകളാണ് ഉപയോഗശൂന്യമായി തീർന്നിട്ടുള്ളത്. ഉപയോഗശൂന്യമായ മരുന്നുകൾ നശിപ്പിക്കുന്നതിനായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ നിയന്ത്രണത്തിലുള്ള 'ഇമേജ്' എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയുണ്ട്. |
| (സി) | മരുന്നുകൾ വിതരണത്തിനായി ആശുപത്രിയിൽ എത്തിച്ചതിനുശേഷം ഗുണനിലവാര പരിശോധനയ്ക്ക് സാമ്പിളുകൾ അയയ്ക്കുന്നതിനാലും പരിശോധനാഫലം വൈകുന്നതിനാലും ഗുണമേൻമയില്ലാത്ത മരുന്നുകൾ രോഗികളിൽ എത്തുന്നത് തടയാൻ കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ? | (സി) | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ നിലവിൽ വന്ന ശേഷം ഇത്തരം സാഹചര്യം ഉണ്ടായിട്ടില്ല. ശാസ്ത്രീയ നടപടികൾ സ്വീകരിച്ച ശേഷം മാത്രമേ മരുന്നുകൾ വിതരണം നടത്തുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ